**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1374** **11-06-2019 ൽ മറുപടിക്ക്**

**സർക്കാർ ഭൂമി, കയ്യേറ്റഭൂമി എന്നിവ സംബന്ധിച്ച രജിസ്റ്റർ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ഭൂമി, കയ്യേറിയ ഭൂമി എന്നിവ സംബന്ധിച്ച രജിസ്റ്റർ ജില്ല, താലൂക്ക്, വില്ലേജ് തലത്തിൽ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) സർക്കാർ ഭൂമി, കയ്യേറിയഭൂമി എന്നിവ സംബന്ധിച്ച രജിസ്റ്റർ ജില്ല, താലൂക്ക്, വില്ലേജ് തലത്തിൽ തയ്യാറാക്കുവാൻ 08.05.2019 ലെ സ.ഉ (സാധാ) നം. 1077/2019/റവ നം. ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട് . സംസ്ഥാനത്തിന്റെ ഓരോ വില്ലേജിന്റെയും അധികാര പരിധിക്കുള്ളിൽ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി, സർക്കാർ പുറമ്പോക്ക് ഭൂമി, അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി, ഉടമസ്ഥരില്ലാതെ കിടക്കുന്ന ഭൂമി കാലങ്ങളായി ഉപയോഗിക്കാതെ കാടുകയറി കിടക്കുന്ന ഭൂമി, അന്യാധീനമായി കിടക്കുന്ന ഭൂമി, റവന്യൂ ഓഫീസുകളിൽ പുറമ്പോക്ക് രജിസ്റ്ററിൽ ഉൾപ്പെട്ടു വന്നിരിക്കുന്ന ഭൂമി എന്നിവ സംബന്ധിച്ച വിവരങ്ങളും, അപ്രകാരമുള്ള ഭൂമിയുടെ ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിവരങ്ങളും ഓരോ ജില്ലാതലത്തിലും സ്വരൂപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) മുൻപ് ഇത്തരം ഒരു രജിസ്റ്റർ തയ്യാറാക്കുന്നതിന് സർക്കാർ തലത്തിൽ നടത്തിയ ശ്രമം പരാജയപ്പെട്ടിരുന്നോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**